Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2021/1702 (23) തീയതി : 12.10.2021

**സർക്കുലർ**

വിഷയം:- **കൈറ്റ് – പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് വിദ്യാകിരണം പദ്ധതി പ്രകാരം ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

സൂചന:- 1. ഈ ഓഫീസിലെ 15.09.2021 ലെ കൈറ്റ്/2021/1702 (18) നമ്പർ സർക്കുലർ.

2. സ.ഉ.(സാധാ) നം. 4547/2021/പൊ.വി.വ തീയതി 11.10.2021.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളിൽ ഹൈടെക് പദ്ധതികളുടെ ഭാഗമായി കൈറ്റ് വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പട്ടികവർഗ വിഭാഗം കുട്ടികൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് സൂചന 1 പ്രകാരം ടി പ്രവർത്തനങ്ങൾക്ക് നിർദേശങ്ങൾ നൽകിയിരുന്നു. സൂചന 2 പ്രകാരം ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിന് പകരം 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾ വഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സൂചന 2 പ്രകാരം വിതരണം ചെയ്ത/ശേഖരിച്ച ലാപ്ടോപ്പുകൾ തിരികെ അതത് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിന് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

1. സ്കൂളുകളിൽ നിന്ന് പ്രവർത്തന ക്ഷമമായ ലാപ്ടോപ്പുകൾ, ബാഗ്, മൗസ്, പവർ അഡാപ്റ്റർ (ചാർജർ) എന്നിവ വിതരണ പോർട്ടലിൽ (kite.kerala.gov.in/support) ഉൾപ്പെടുത്തി അതത് സ്കൂളുകൾ കൈറ്റിന്റെ ജില്ലാ ഓഫീസിലേയ്ക്ക് എത്തിച്ചവയിൽ കുട്ടികൾക്ക് വിതരണം ചെയ്തവ ഒഴികെയുള്ളത് അതത് സ്കൂളുകൾക്കുതന്നെ തിരികെ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്.

2. മേൽ പ്രവർത്തനങ്ങൾ വിതരണ പോർട്ടലിൽ കൃത്യമായി രേഖപ്പെടുത്തി മാത്രം ചെയ്യേണ്ടതാണ്.

3. പുതിയ ലാപ്ടോപ്പുകൾ ലഭ്യമാക്കിയശേഷം മാത്രമേ കുട്ടികൾക്ക് നേരിട്ട് സ്കൂളുകൾവഴി ഇതിനകം വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരികെ എടുക്കാവൂ.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ആമുഖ കത്ത് സഹിതം
പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ ആർ.ഡി.ഡി./എ.ഡി/ഡി.ഡി.ഇ./ഡി.ഇ.ഒ/എ.ഇ.ഒ. മാർക്കും
സ്റ്റോക്ക് ഫയൽ